(ബി) നൂൽപ്പുകാർ 6158
നെയ്ത്തുകാർ 1633
മറ്റുള്ളവർ 897

(സി) മസ്ലിൻ ചർക്കയിലെ നൂൽപ്പുകാരിക്ക് ശരാശരി ഒരുദിവസം 10 രൂപയും ന്യൂമോഡൽ ചർക്കയിലെ നൂൽപ്പുകാരിക്ക് ശരാശരി ഒരുദിവസം 7 രൂപയും ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) ഖാദി കമ്മീഷന്റെ കോസ്റ്റ് ചാർട്ട് അനുസരിച്ചാണ് നൂൽ നൂൽപ്പ് തൊഴിലാളികൾക്ക് ഇപ്പോൾ കൂലി കൊടുക്കുന്നത്. മിനിമം വേജസ് ബോർഡ് രൂപീകരിക്കുന്ന കാര്യം തൽക്കാലം ഗവൺമെൻറിന്റെ പരിഗണനയിൽ ഇല്ല.

കൃഷിഭൂമിയുടെ വിസ്തൃതി

* 443 [473] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഭൂനിയമമനുസരിച്ച് ഇവിടെ ഒരു വ്യക്തിക്കു സ്വന്തമായി നിലനിർത്താവുന്ന കൃഷിഭൂമിയുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കൃഷിഭൂമിയുടെ പരിധി ഇനിയും കുറയ്ക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 82-ാം വകുപ്പുപ്രകാരം ഒരു വ്യക്തിക്ക് (ഏകാംഗ കുടുംബത്തിന്) സ്വന്തമായിവയ്ക്കാവുന്ന ഭൂമിയുടെ വിസ്തീർണ്ണം അഞ്ച് സ്റ്റാൻഡേർഡ് ഏക്കർ ആണ്. ഇത് സാധാരണ ഏക്കറിൽ കുറയുവാനോ ഏഴര സാധാരണ ഏക്കറിൽ കൂടുവാനോ പാടില്ല. കുടുംബത്തിന് ഇതിന്റെ ഇരട്ടിയാണ് പരിധി. കുടുംബാംഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ഭൂമിയുടെ പരിധിക്കും വ്യത്യാസം വരാം. എന്നാൽ ഒരു കുടുംബത്തിന് പരമാവധി 20 ഏക്കറിൽ കൂടുതൽ കൈവശം വയ്ക്കാൻ പാടില്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സ്ഥലനാമങ്ങൾ

* 444 [474] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്ഥലനാമങ്ങൾ മലയാളത്തിൽ ഉച്ചരിക്കുന്നതുപോലെതന്നെ ഇംഗ്ലീഷിലും എഴുതാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലകൾക്കും താലൂക്കുകൾക്കും പുറമേ വില്ലേജുകൾക്കുകൂടി ഈ നടപടി ബാധകമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) സംസ്ഥാനം, ജില്ലകൾ, താലൂക്കുകൾ എന്നിവയുടെ പേര് മലയാളത്തിൽ ഉച്ചരിക്കുന്നതുപോലെ തന്നെ ഇംഗ്ലീഷിൽ എഴുതി തയ്യാറാക്കി സ്റ്റേറ്റ് നെയിംസ് അതോറിറ്റി അംഗീകരിച്ച ശേഷം സർവേ ഓഫ് ഇൻഡ്യ സതേൺ സർക്കിളിന് അംഗീകാരത്തിനായി അയച്ചുകൊടുത്തിരുന്നു. എന്നാൽ സർവ്വേ ഓഫ് ഇൻഡ്യ സ്ഥലനാമത്തിൽ വ്യത്യാസം വരുത്തുവാനുള്ള കാരണങ്ങൾ എന്താണെന്ന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതു നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അതിനുള്ള നടപടികളും എടുത്തുവരുന്നു.

വീട് പണിയാൻ നൽകുന്ന വായ്പയുടെ പലിശ

* 445 [475] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാരായവർക്ക് വീട് വയ്ക്കുന്നതിന് കളക്ടറാഫീസിൽനിന്നും 5 ശതമാനം പലിശക്ക് അനുവദിച്ചിരുന്ന ലോൺ ഇപ്പോൾ 10 ശതമാനം പലിശയായി വർദ്ധിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഇനത്തിൽ ഈടാക്കുന്ന പലിശ 5 ശതമാനമാക്കി കുറിപ്പത്തപ്പെടുത്തി ഉത്തരവുണ്ടാകുവാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) & (ബി) പുനരധിവാസ ഭവനനിർമ്മാണ പദ്ധതിക്കാവശ്യമായ പണം ധനകാര്യ സ്ഥാപനങ്ങളായ ഹഡ്കോ, HDFC, കമേഴ്സ്യൽ ബാങ്കുകൾ തുടങ്ങിയവ വഴിയാണ് ലഭ്യമാക്കുന്നത്. ഈ സ്ഥാപനങ്ങൾ 7 മുതൽ 12.5% വരെ പലിശ ഈടാക്കുന്നുണ്ട്. അതിന്റെ ശരാശരി പലിശയായ 9.75% മാണ് ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത്. വായ്പ നൽകുന്ന ധനകാര്യ സ്ഥാപനങ്ങൾ ഈടാക്കുന്ന പലിശ നിരക്ക് കൂടുതലായതിനാൽ 5% ആക്കി കുറിപ്പത്തപ്പെടുത്താൻ നിർവാഹമില്ല.

ഓരോ വികസന ബ്ലോക്കിനും ഓരോ വ്യവസായ യൂണിറ്റ്

* 446 [476] ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. പി. പ്രഭാകരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ വികസന ബ്ലോക്കിനും ഓരോ വ്യവസായ യൂണിറ്റ് എന്ന ഒരു പരിപാടി അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly